**കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ കാര്യവട്ടം ടെക്നോപാർക്ക് ഫേസ് – 1 ക്യാമ്പസ്സിലെ കാന്റീൻ നടത്തിപ്പിലേയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നു.**

**No. KUDSIT/020/CANTEEN/2024-25**

---

കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ കാര്യവട്ടം ടെക്നോപാർക്ക് ഫേസ് – 1 ക്യാമ്പസ്സിലെ കാന്റീൻ കരാറടിസ്ഥാനത്തിൽ നടത്തുന്നതിലേയ്ക്കായി യോഗ്യരായ വ്യക്തികൾ / സ്ഥാപനങ്ങൾ / അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾ എന്നിവരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു. കുറഞ്ഞത് ഒരു വർഷത്തിൽ കുറയാതെയുള്ള, അൻപതു പേർ ഉള്ള ഒരു സ്ഥാപനത്തിലെ കാന്റീൻ നടത്തിയുള്ള പ്രവർത്തി പരിചയം അനിവാര്യമാണ്. ഫുഡ് സേഫ്റ്റി ലൈസൻസ് / രജിസ്ട്രേഷൻ നിർബന്ധമാണ്.

| | | |
|---|---|---|
| 1 | വെബ്സൈറ്റിൽ ടെണ്ടർ ലഭ്യമാകുന്ന തീയതി | 06.02.2024 |
| 2 | ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി | 21.02.2024, 03:00 PM |
| 3 | ബിഡ് തുറക്കുന്നതിനുള്ള തീയതിയും സമയവും | 21.02.2024, 03:30 PM |
| | **ടെൻഡർ ഫീ & ഇ.എം.ഡി** | |
| 4 | ടെണ്ടർ ഫീസ് (ജി.എസ്.ടി ഉൾപ്പെടെ) | Rs.355/- |
| 5 | നിരതദ്രവ്യം (ഇ.എം.ഡി) | Rs. 1500/- |

ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന ദിവസം 15.02.2024 വൈകിട്ട് 3.00 മണിവരെയാണ്. അന്നു തന്നെ 3.30–നു അവ തുറന്ന് പരിശോധിക്കുന്നതായിരിക്കും. വൈകികിട്ടുന്നതോ അപൂർണ്ണമോ ആയ ടെണ്ടറുകൾ നിരസിക്കുന്നതായിരിക്കും.

ടെണ്ടറുകൾ നിരസിക്കുവാനോ, നീട്ടിവെക്കാനോ ഉള്ള അവകാശം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

കാന്റീനിൽ ലഭ്യമാക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ പട്ടികകളും, നിബന്ധനകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി കാന്റീൻ പ്രവർത്തിപ്പിക്കാൻ താൽപ്പര്യമുള്ളവർ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ടെണ്ടർ ഒപ്പിട്ട്, മറ്റു രേഖകളോടൊപ്പം പേരും പൂർണ്ണ മേൽവിലാസവുമെഴുതി കവറിന് പുറത്ത് **"കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ കാര്യവട്ടം ടെക്നോപാർക്ക് ഫേസ് – 1 ക്യാമ്പസ്സിലെ കാന്റീൻ കരാറടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള ടെണ്ടർ"** എന്നെഴുതി സീൽ ചെയ്ത് **രജിസ്ട്രാർ, കേരള ഡിജിറ്റൽ സർവ്വകലാശാല, ടെക്നോപാർക്ക് ഫേസ് – IV, മംഗലാപുരം, തോന്നക്കൽ പി.ഒ, തിരുവനന്തപുരം – 695317** എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

ടെണ്ടർ ഡോക്യുമെന്റിന്റെ വില, 355/-രൂപ (ജി.എസ്.ടി ഉൾപ്പെടെ) കൂടാതെ ഇ.എം.ഡി, 1500/- രൂപ, "*രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, തിരുവനന്തപുരം*" എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റായി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലാത്തപക്ഷം ടെണ്ടർ നിരസിക്കപ്പെടും. കരാർ അന്തിമമാക്കുമ്പോഴോ ഓഫറിന്റെ സാധുത കാലഹരണപ്പെടുമ്പോഴോ, ടെണ്ടർ ലഭിക്കാത്ത ബിഡർമാരുടെ ഇ.എം.ഡി പലിശയില്ലാതെ തിരികെ നൽകും. നിശ്ചിത ഫോർമാറ്റിൽ സെക്യൂരിറ്റിയും കരാറും ലഭിച്ചതിന് ശേഷം, ടെണ്ടർ ലഭിച്ച ആളുടെ ഇ.എം.ഡി പലിശയില്ലാതെ തിരികെ നൽകും.

20,000/-രൂപയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നിശ്ചയിച്ചിരിക്കുന്നത്. കരാർ അവസാനിപ്പിക്കുന്ന സമയത്ത് ബാധ്യതകൾ കണക്കാക്കി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

**<u>കാന്റീൻ നടത്തുന്നതിനുള്ള പൊതുവായ നിബന്ധനകൾ:</u>**

1. കരാറുകാരൻ കുറഞ്ഞത് ഒരു വർഷത്തേയ്ക്ക് ടെക്നോപാർക്ക് ക്യാമ്പസ്സിലെ കാന്റീൻ നടത്തേണ്ടതാണ്.

2.

3. കാന്റീൻ നടത്തിപ്പിലേയ്ക്കുള്ള അത്യാവശ്യ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ സർവ്വകലാശാല നൽകുന്നതാണ്. കാന്റീനിൽ നൽകേണ്ട ഭക്ഷണപാനീയങ്ങളുടെ വിശദവിവരങ്ങൾ **<u>പട്ടിക – 1</u>** ൽ പറഞ്ഞിരിക്കുന്നു.
4. കാന്റീനിന്റെ പ്രവർത്തിദിനങ്ങൾ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 8.00 മുതൽ വൈകുന്നേരം 6.00 മണി വരെ ആയിരിക്കും. വൈകുന്നേരം 6.00 മണിക്ക് ശേഷം പ്രവർത്തിക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നപക്ഷം കാന്റീനിന്റെ പ്രവർത്തന സമയം നീട്ടേണ്ടതാണ്.
5. ടി കെട്ടിടത്തിൽ പാചകം ചെയ്യുന്നതിനുള്ള സൗകര്യം ശരിയാകുന്നതു വരെ കരാർ എടുക്കുന്ന വ്യക്തി / സ്ഥാപനം പുറത്ത് പാചകം ചെയ്ത് നിലവിലുള്ള പാൻട്രിയിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ഭക്ഷണം ഉണ്ടാക്കുന്ന സ്ഥലത്തിന് ഫുഡ് സേഫ്റ്റി / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള അംഗീകാരം ഉണ്ടായിരിക്കേണ്ടതും, എല്ലാ തൊഴിലാളികൾക്കും സർക്കാർ നൽകിയിട്ടുള്ള അംഗീകൃത "ഹെൽത്ത് കാർഡ്" നിർബന്ധം ആയി ഉണ്ടായിരിക്കേണ്ടതും ആണ്. ഭക്ഷണ പദാർത്ഥങ്ങൾ വൃത്തിയായി വിതരണം ചെയ്യേണ്ടതുമാണ്.
6. ശനി, ഞായർ കൂടാതെ ഏതെങ്കിലും അവധി ദിവസങ്ങളിലോ മറ്റോ സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കേണ്ടതായി വന്നാൽ ആ ദിവസങ്ങളിലും കാന്റീൻ സേവനം

ഉണ്ടായിരിക്കേണ്ടതാണ്. അത് തദ്ദവസരങ്ങളിൽ അധികാരികൾ മുൻകൂറായി അറിയിക്കുന്നതാണ്.

7. ട്രെയിനിംങ്, സ്പെഷ്യൽ ക്ലാസ്സുകൾ എന്നിങ്ങനെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരിപാടികൾ ക്യാമ്പസ്സിൽ നടക്കുകയാണെങ്കിൽ അതിലേയ്ക്കുള്ള ഭക്ഷണപാനീയങ്ങൾ സ്പെഷ്യൽ നിരക്കിൽ നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ **പട്ടിക 2** ൽ സൂചിപ്പിച്ചിരിക്കുന്നു.
8. കാന്റീനിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും സർക്കാർ നൽകിയിട്ടുള്ള അംഗീകൃത "ഹെൽത്ത് കാർഡ്" നിർബന്ധം ആയി ഉണ്ടായിരിക്കേണ്ടത് ആണ്.
9. നിലവിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ മെസ് / മറ്റ് ഫുഡ് ഔട്ട് ലെറ്റ് നടത്തുന്നവർ ഈ ടെൻഡറിലേയ്ക്ക് അപേക്ഷിക്കേണ്ടതില്ല.
10. ടെണ്ടറിൽ **പട്ടിക 5** – ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ കോപ്പികൾ ഉൾപ്പെടുത്തേണ്ടതും അവയുടെ പരിശോധനയിൽ വിജയിക്കുന്നവരുടെ മാത്രമേ വിലവിവരം പരിശോധിക്കുകയുള്ളു
11. കുറഞ്ഞ റേറ്റ് നല്കുന്നതുകൊണ്ടുമാത്രം ഒരു ടെണ്ടർ പരിഗണിക്കപ്പെടണമെന്നില്ല
12. ടെണ്ടർ ഭാഗികമായോ പൂർണമായോ മാറ്റാനും ക്യാൻസൽ ചെയ്യാനും ഉള്ള അധികാരം ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്
13. ടെണ്ടർ പരിശോധന കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും
14. ഭക്ഷണങ്ങളിൽ കൃത്രിമമായ ചേരുവകൾ, നിറങ്ങൾ, അജിനോ മൊട്ടോ എന്നിവ ചേർക്കാൻ പാടില്ല.
15. പഴകിയ പാചക എണ്ണ വീണ്ടും പാചകം ചെയ്യാൻ ഉപയോഗിക്കാൻ പാടില്ല.
16. പഴകിയ ഭക്ഷണ സാധനങ്ങൾ / പച്ചക്കറികൾ ഉപയോഗിക്കാൻ പാടില്ല. ഫ്രഷ് മീറ്റ്, ഫ്രഷ് മീൻ എന്നിവ മാത്രമേ ഉപയോഗിക്കാവൂ.
17. പ്ലാസ്റ്റിക് കപ്പുകളും, പാത്രങ്ങളും, ബാഗുകളും ഉപയോഗിക്കുവാൻ പാടുള്ളതല്ല.
18. കാന്റീനിൽ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളുടെയും ബ്രാൻഡ് (**പട്ടിക 4**) ഗുണനിലവാരമുള്ളതായിരിക്കണം. ഇത് കോൺട്രാക്ടർ പൂർണമായും ഉറപ്പുവരുത്തേണ്ടതും വ്യത്യാസം കണ്ടാൽ പിഴ ഈടാക്കുകയോ ടെണ്ടർ ക്യാൻസൽ ചെയ്യുകയോ ചെയ്യാവുന്നതാണ് .
19. മെസ് കമ്മിറ്റിയ്ക്കോ മറ്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കോ കാന്റീൻ സ്റ്റോർ, കിച്ചൻ എന്നിവ ഏതുസമയത്തും പരിശോധിക്കാവുന്നതാണ് കമ്മിറ്റിയുടെ നിർദേശങ്ങൾ പാലിക്കാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ് .

**പട്ടിക: 1**

| Items | Quantity | Rate |
|---|---|---|
| കോഫി | 150 ml | |
| ചായ | 150 ml | |
| കട്ടൻ ചായ | 150 ml | |
| കട്ടൻ കാപ്പി | 150 ml | |
| ഉഴുന്നുവട | 75 gm | |
| പരിപ്പുവട | 75 gm | |
| ഉള്ളിവട | 75 gm | |
| വാഴക്കാപ്പം | 75 gm | |
| സമൂസ | 75 gm | |
| ഇലയട | 75 gm | |
| പഫ്സ് (വെജ് ) | 75 gm | |
| കട്ലറ്റ് (വെജ് ) | 75 gm | |
| പഫ്സ് (ചിക്കൻ) | 75 gm | |
| കട്ലറ്റ് (ചിക്കൻ) | 75 gm | |
| പഫ്സ് (മുട്ട) | 75 gm | |
| ഇഡ്ഡലി (1 No.) & ചട്നി & സാമ്പാർ | 75 gm | |
| ദോശ (1 No.) & ചട്നി & സാമ്പാർ | 100 gm | |
| അപ്പം (1 No.) | 175 gm | |
| പൂരി (1 No.) | 70 gm | |
| പുട്ട് (1 No.) | 70 gm | |
| കടലക്കറി | 150 gm | |
| വെജിറ്റബിൾ സ്റ്റൂ | 150 gm | |
| സാൻഡ് വിച്ച് (with 2 pieces Bread) | 150 gm | |
| ബ്രെഡ് (2 pieces) with Omelette) | 150 gm | |
| ഫ്രെഷ് ജ്യൂസ് | 350 ml | |
| ഓംലറ്റ് (Single / Double) | | |
| മീൽസ്<br>(സാമ്പാർ, പരിപ്പ്+ അവിയൽ + തോരൻ/ കൂട്ടുകറി/ മെഴുക്കുപുരട്ടി + കിച്ചടി + അച്ചാർ + രസം + പപ്പടം + ഗ്രീൻ സലാഡ് + തൈര്/മോര് ) | | |
| വെജിറ്റബിൾ ബിരിയാണി | 250 gm | |
| ബിരിയാണി (നോൺവെജ് ) | 250 gm | |

| | | |
|---|---|---|
| മീൻ കറി | 100 gm | |
| മീൻ വറുത്തത് | 100 gm | |
| ചിക്കൻ കറി | 100 gm | |
| ചിക്കൻ വറുത്തത് | 100 gm | |
| ചപ്പാത്തി (1 No.) | | |
| പൊറോട്ട(1 No.) | | |

**പട്ടിക : 2**

| Schedule of Quantities For Training | | | Rate |
|---|---|---|---|
| 1 | Breakfast | | |
| | (One item per day basis) | പുട്ട് (2 Nos.) & കടലക്കറി | |
| | | ഇഡ്ഡലി (3 Nos.) & വട (1 No.) & ചട്നി & സാമ്പാർ | |
| | | ദോശ (4 Nos.) & ചട്നി & സാമ്പാർ | |
| | | പൂരി (4 Nos.) & Aloo Bhaji | |
| | | ഉപ്പ്മാവ് (300 gm) & കടലക്കറി & പപ്പടം. | |
| | | മസാല ദോശ (2 Nos.) & ചട്നി & സാമ്പാർ | |
| | | ചായ /കോഫി | |
| 2 | Special Lunch / Dinner | മീൽസ് + raw rice + ചപ്പാത്തി + ഡെസ്സേർട്ട് | |

**പട്ടിക : 3**

ഭക്ഷണത്തിൽ ഉപയോഗിക്കുന്ന ചേരുവകൾ താഴെ പറയുന്ന പ്രശസ്ത ഗുണനിലവാരമുള്ള ബ്രാൻഡുകൾ ആയിരിക്കണം.

| Sl.No. | Item | Brand |
|---|---|---|
| 1. | ഉപ്പ് | ടാറ്റ, അന്നപൂർണ, ആശീർവാദ് അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 2. | സുഗന്ധവ്യഞ്ജനങ്ങൾ | മെസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഗുണനിലവാരമുള്ള സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങി പൊടിച്ച് ഉപയോഗിക്കേണ്ടതാണ്. |
| 3. | കെച്ചപ്പ് | മാഗ്ഗി, കിസ്സാൻ, ഹാപ്പി, ഡെൽ മോണ്ടെ |
| 4. | എണ്ണ | ഹൈഡ്രജനേറ്റഡ് (വനസ്പതി) എണ്ണ ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു |
| 5. | സൂര്യകാന്തി, റൈസ് ബ്രൗൺ ഓയിൽ | സൺഡ്രോപ്പ്, ഗോദ്റെജ്, സഫോള, ഫോർച്യൂൺ, ധാര, റിലയൻസ് അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 6. | വെളിച്ചെണ്ണ | കേരഫെഡിൽ നിന്നുള്ള കേര വെളിച്ചെണ്ണ |
| 7. | അച്ചാർ | ഫ്രെഷ് ആയി ഉണ്ടാക്കിയ അച്ചാർ |
| 8. | ആട്ട / ബെസാൻ | ആശിർവാദ്, ഫോർച്യൂൺ, പതഞ്ജലി, റിലയൻസ് അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 9. | ദാൽ | ടാറ്റ, സാമ്പൻ, പതഞ്ജലി അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 10. | പപ്പടം | നിഷ / ലിജ്ജത് / ഭികാജി അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 11. | വെണ്ണ | അമുൽ, ബ്രിട്ടാനിയ, മദർ ഡയറി, മിൽമ |
| 12. | ബ്രെഡ് | മോഡേൺ /എലൈറ്റ് |
| 13. | ജാം | കിസ്സാൻ അല്ലെങ്കിൽ മാഗി അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 14. | നെയ്യ് | അമുൽ, മദർ ഡയറി, ബ്രിട്ടാനിയ, മിൽമ അല്ലെങ്കിൽ തത്തുല്യ ബ്രാൻഡ് |
| 15. | പാൽ | മിൽമ, നന്ദിനി, അമുൽ, മദർ ഡയറി, മുരള്യ, മിൽക്കിമിസ്റ്റ് |
| 16. | പനീർ | അമുൽ, മിൽമ, മിൽക്കിമിസ്റ്റ് |
| 17. | തേയില | ടാറ്റാ ടീ, കണ്ണൻ ദേവൻ, ബ്രൂക്ക് ബോണ്ട്, ലിപ്റ്റൺ, എ.വി.ടി (ബ്രാൻഡ് ചെയ്യാത്ത തേയില ഉപയോഗിക്കാൻ പാടില്ല) |
| 18. | കോഫി | നെസ്കഫേ, ബ്രൂ, ടാറ്റ |
| 19. | ഐസ്ക്രീം | അമുൽ, മദർ ഡയറി, ക്വാളിറ്റി, മിൽമ |
| 20. | അരി | കൃത്രിമ നിറമില്ലാത്ത ഒന്നാം ഗുണനിലവാരമുള്ള സോർട്ടക്സ് അരി |
| 21. | തൈര് | മിൽമ, മുരള്യ, മിൽക്കിമിസ്റ്റ് |

**പട്ടിക : 4**

## **സാക്ഷ്യപത്രം**

മേൽ വിവരിച്ച റേറ്റുകൾ ഇതോടൊപ്പം കൊടുത്തിട്ടുള്ള ടെണ്ടർ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വ്യവസ്ഥകളും പഠിച്ചതിനു ശേഷം നൽകിയിട്ടുള്ളതാകുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേരും മേൽവിലാസവും | |
| മൊബൈൽ നമ്പർ | |
| പാൻ നമ്പർ | |
| ജി.എസ്.ടി. നമ്പർ | |
| ബാങ്ക് അക്കൌണ്ട് വിവരങ്ങൾ<br>a) ബാങ്കിന്റെ പേര് :<br>b) അക്കൌണ്ട് നമ്പർ :<br>c) ടെണ്ടർ ലഭിക്കാത്ത ടെണ്ടർമാരുടെ ഇ.എം.ഡി തിരികെ നൽകുന്നതിനായി ചെക്ക് ബുക്കിലെ ഒരു സ്കാൻ കോപ്പി ഉള്ളടക്കം ചെയ്യുക | |

സ്ഥലം :

അപേക്ഷകന്റെ പേര്, ഒപ്പ് :

തീയതി :

**<u>പട്ടിക : 5</u>**

## ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

| | |
|---|---|
| 1. | മേൽവിലാസം തെളിയിക്കുന്ന രേഖയുടെ  പകർപ്പ് |
| 2. | ഫുഡ് സേഫ്റ്റി  ലൈസൻസിന്റെ / രജിസ്ട്രേഷന്റെ പകർപ്പ് |
| 3. | GST രജിസ്ട്രേഷന്റെ പകർപ്പ് (ബാധകമെങ്കിൽ) |
| 4. | എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് (2 എണ്ണം.) |
| 5. | ടെണ്ടർ ഫോം എല്ലാ പേജുകളിലും ഒപ്പിട്ടത് |